3247
14/2/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നെടുങ്കയം ഡിപ്പോയിൽ നടന്ന ഇ-ലേലത്തിൽ ലേലം കൊണ്ട ഉൽപ്പന്നം നീക്കം ചെയ്യുന്നതിന് ശ്രീ.അബൂബക്കർ ഹാജി, ടിമ്പർ മർച്ചന്റ്, ചെറുവണ്ണൂർ, ഫെറൂക്ക് എന്നയാൾക്ക് സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

**സ.ഉ.(സാധാ) നം./74/2018/വനം** തീയതി,തിരുവനന്തപുരം, 09/02/2018

പരാമർശം:- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ 19.01.2018-ലെ പ്രൊ(4)-60171/2016 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

നെടുങ്കയം ഡിപ്പോയിൽ 23.05.2017-ാം തീയതി നടന്ന ഇ-ലേലത്തിൽ ശ്രീ.അബൂബക്കർ ഹാജി, ടിമ്പർ മർച്ചന്റ്, ചെറുവണ്ണൂർ, ഫെറൂക്ക് എന്നയാൾ പങ്കെടുക്കുകയും, 1183/2015-ാം നമ്പർ ലോട്ടിൽപ്പെട്ട TG III തേക്കുതടി 4.725 M3 ലേലത്തിൽ വിളിച്ചെടുത്തിട്ടുള്ളതും, 24.05.2017-ന് ലേലസ്ഥിരീകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ലോട്ടിന് സർക്കാരിലേക്ക് ഒടുക്കേണ്ട നികുതി ഉൾപ്പെടെയുള്ള മുഴുവൻ തുകയായ 4,38,4446/- രൂപ 30.05.2017-ാം തീയതി ഒടുക്കിയിട്ടുമുണ്ട്. ശ്രീ.അബൂബക്കർ ഹാജി. ലേലംകൊണ്ട തടി പിഴയോടുകൂടി നീക്കം ചെയ്യേണ്ട അവസാന തീയതി 31.08.2017-ാം തീയതി ആയിരുന്നു. ടി ലോട്ടിന്റെ മുഴുവൻ തുകയും ഒടുക്കിയെങ്കിലും, യഥാസമയം തടി നീക്കം ചെയ്തിരുന്നില്ല. ആയത് ഇ-ലേല വ്യവസ്ഥകളുടെ ലംഘനമാണെന്നും ഇപ്രകാരം ലേലംകൊണ്ട തടി യഥാസമയം നീക്കം ചെയ്യാതിരുന്നാൽ ടി ലോട്ട് പുനർലേലം നടത്തണമെന്നാണ് ഇ-ലേല വ്യവസ്ഥ 15(e) യിൽ പറയുന്നതെന്നും ഇതേ ലേലത്തിൽ TG III B ക്ലാസ്സിൽപ്പെട്ട മറ്റു ലോട്ടുകൾക്ക് 55100/- രൂപ മുതൽ 63500/- രൂപ വരെ ലഭിച്ചപ്പോൾ ശ്രീ.അബൂബക്കർ ഹാജിക്ക് ലഭിച്ച M3ന് 75300/- രൂപ എന്ന ഉയർന്ന വിലയാണ് ലഭിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചിട്ടുണ്ട്.

2) ലേലംകൊണ്ട ഉൽപ്പന്നത്തിന്റെ മുഴുവൻ തുകയും ഒടുക്കിയതിനാലും, 2014-15 വർഷത്തിൽ ഡിപ്പോയിൽ എത്തിച്ച തടി ആയതിനാലും ഇപ്പോൾ ലഭിച്ചിരിക്കുന്ന വില പുനർലേലം നടത്തിയാൽ ലഭിക്കാൻ സാധ്യതയില്ലാത്തതിനാലും, ശ്രീ.അബൂബക്കർ ഹാജി ശാരീരികാസ്വസ്ഥത മൂലം ചികിത്സയിൽ ആയിരുന്നതിനാലും ലേലംകൊണ്ട 1183/2015 നമ്പർ ലോട്ട് നീക്കം ചെയ്യുന്നതിന് ഇ-ലേല വ്യവസ്ഥയിലെ 15(e) വ്യവസ്ഥയിൽ ഇളവ് നൽകികൊണ്ട് കാലാവധിക്ക് ശേഷമുള്ള മാസങ്ങളിൽ ഉചിതമായ നിരക്കിൽ, തടി നീക്കം ചെയ്യുന്നതുവരെയുള്ള ഗ്രൗണ്ട് റെന്റ് ഈടാക്കിക്കൊണ്ട് ടി ലോട്ട് നീക്കം ചെയ്യുന്നതിന് അനുമതി നൽകാവുന്നതാണെന്നും അതിനായി ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി നിശ്ചയിച്ച് നൽകാവുന്നതാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) പരാമർശം പ്രകാരം ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)-ന്റെ ശുപാർശ പരിഗണിച്ച് ശ്രീ.അബൂബക്കർ ഹാജി ലേലംകൊണ്ട 1183/2015 നമ്പർ ലോട്ട് നീക്കം ചെയ്യുന്നതിന് ഇ-ലേല വ്യവസ്ഥയിലെ 15(e) വ്യവസ്ഥയിൽ ഇളവ് നൽകികൊണ്ട് കാലാവധിക്ക് ശേഷമുള്ള മാസങ്ങളിൽ ഉചിതമായ നിരക്കിൽ, തടി നീക്കം ചെയ്യുന്നതുവരെയുള്ള ഗ്രൗണ്ട് റെന്റ് ഈടാക്കിക്കൊണ്ട് ടി ലോട്ട് നീക്കം ചെയ്യുന്നതിനും അതിനായി ഉത്തരവ് തീയതി മുതൽ 30 ദിവസം സമയപരിധി ദീർഘിപ്പിച്ച് നൽകികൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി.ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വെബ്ബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ